ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന പ്രാരംഭ വിജ്ഞാപനം

നം.സി- 2388/12

സ്ഥലം: കുണ്ടറ

തീയതി: 30.07.2019

വിജ്ഞാപനം

2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിലും പുന: സ്ഥാപനത്തിനുമുള്ള അവകാശ ആക്ടും ചട്ടങ്ങളും അനുസരിച്ച് ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിന് 17.10.2017 ലെ എൽ.എ.6- 57890/12-ാം നമ്പർ ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് എൽ.എ.നമ്പർ 2, കൊല്ലം, കുണ്ടറ, സ്പെഷ്യൽ തഹസീൽദാരെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും;

പ്രസ്തുത പൊന്നുംവില നടപടികളുടെ ഭാഗമായി പുനരധിവാസത്തിനും പുന: സ്ഥാപനത്തിനും വേണ്ടി ഗവൺമെന്റ് കൊല്ലം ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറെ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ പറയുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പരവൂർ മത്സ്യമാർക്കറ്റ് വികസന പദ്ധതിയ്ക്കു വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം ബന്ധപ്പെട്ട എല്ലാവർക്കും 2013 ലെ പുനരധിവാസത്തിനും, പുന: സ്ഥാപനത്തിനുമുള്ള അവകാശ ആക്ടും ചട്ടങ്ങളും 11(1) പ്രകാരമുള്ള വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നല്കുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ താല്പര്യപ്പെട്ട കക്ഷികൾക്ക് വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ അവരുടെ തടസ്സങ്ങൾ എഴുതിയ പ്രസ്താവന ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ നമ്പർ 2, കൊല്ലം, കുണ്ടറ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും പ്രസ്താവനകളും പൊന്നും വില നടപടികൾക്ക് എതിരെയുള്ള തടസ്സവാദങ്ങൾ എന്താണെന്ന് വ്യക്തമായി വിശദീകരിക്കാത്ത ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതാണ്.

സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്തം താഴെ പ്രതിപാദിക്കുന്നു. ആയത് ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം</u>

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 34 ൽ റീസർവെ 260/123, 260/124 നമ്പരിൽ പ്പെട്ട 11.33 ആർസ് (28 സെന്റ്) സ്ഥലമാണ്. ടി സ്ഥലം നിലവിലുള്ള മത്സ്യമാർക്കറ്റിനോട് ചേർന്ന് തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നു. റീസർവെ നമ്പർ 260/123 ൽ പ്പെട്ട 1.15 ആർസ് പുരയിടം കോട്ടപ്പുറത്ത് ചേരിയിൽ ശങ്കരവിലാസം ബംഗ്ലാവിൽ ഗൗരിക്കുട്ടി അമ്മ പാറുകുട്ടി അമ്മ എന്ന കക്ഷി പേരിലും റീസർവെ നമ്പർ 260/124 ൽ പ്പെട്ട 11.70 ആർസ് പുരയിടം കോട്ടപ്പുറത്ത് ചേരിയിൽ ശങ്കരവിലാസം ബംഗ്ലാവിൽ ദിനേശൻ ആശാൻ എന്നയാളുടെ തണ്ട പേരിലുമാണെന്ന് കാണുന്നു. ഏറ്റെടുക്കുന്ന ഭൂമിയിൽ 15 തെങ്ങുകൾ മാത്രമാണ് ഉള്ളത്. ഈ വസ്തുവിൽ കച്ചവട സ്ഥാപനങ്ങളോ, തൊഴിലിടങ്ങളോ ഇല്ല. ആയതിനാൽ തൊഴിലിൽ നിന്നുള്ള ദോഷകരമായ ആഘാതം ഇല്ല. ഈ സ്ഥലം പൂർണ്ണമായും വിട്ടുകൊടുക്കു

ന്നതിന് ഉടമസ്ഥരായ കക്ഷികൾ തയ്യാറല്ല. 26.03.2019 ൽ മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ പൊതു വിചാരണയിൽ റീസർവെ 260/123 ൽ പ്പെട്ട സ്ഥലവും, റീസർവെ 260/124 ൽ നിന്നും 04.05 ആർസ് സ്ഥലവും വിട്ടു നൽകാൻ തയ്യാറാണെന്ന് ശ്രീ. ദിനേശൻ ആശാൻ മൊഴി നൽകിയിട്ടുളളതാണ്. ഭുവുടമകൾ പ്രസ്തുത സ്ഥലത്ത് താമസമില്ലാത്തതിനാൽ സ്ഥല മേറ്റെടുപ്പ് അവരുടെ ജീവിതനിലവാരത്തെ ബാധിക്കുന്നതല്ല. ടി സ്ഥലത്തേയ്ക്ക് മാർക്കറ്റ് വഴിയല്ലാതെ പ്രത്യേക വഴി സൗകര്യമില്ല. നിലവിലുളള മാർക്കറ്റ് വികസനവുമായി ബന്ധപ്പെട്ട മുൻസിപ്പാലിറ്റി വക സ്ഥലങ്ങളോട് ചേർന്ന് കിടക്കുന്ന ഏക വസ്തു എന്ന നിലയിൽ ഈ സ്ഥലം മത്സ്യമാർക്കറ്റിന് വളരെ അനുയോജ്യമായ സ്ഥലമാണെന്ന് കാണുന്നു. ഈ പദ്ധതിയുടെ സ്ഥലമെടുപ്പിന്റെ സാമൂഹ്യപ്രത്യാഘാത പഠനം നടത്തിയത് എസ് ഐ എ യൂണിറ്റ്-2 ഐഡിയൽ കൺസൾട്ടൻസിയാണ്.

<u>പട്ടിക</u>

ജില്ല: കൊല്ലം
താലൂക്ക്: കൊല്ലം

വില്ലേജ്: കോട്ടപ്പുറം
ബ്ലോക്ക്: 34

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നം | സർവെ നമ്പർ | തരം | വിസ്തീർണ്ണം ഹെക്ടറിൽ | പൊതു ഉദ്ദേശത്തിന്റെ സ്വഭാവം | ബന്ധപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥരുടെ പേര്/ബന്ധപ്പെട്ട കക്ഷികൾ |
|---|---|---|---|---|---|---|
| 1 | 260/123 | പുരയിടം | 0.1133 ഹെക്ടർ | പരവൂർ നഗരസഭ മത്സ്യ മാർക്കറ്റ് വികസനം | പ്രസ്തുത സ്ഥലത്ത് കുടുംബങ്ങൾ താമസമില്ല | ഗൗരിയമ്മ പാറുകുട്ടി അമ്മ ശങ്കരവിലാസം ബംഗ്ലാവ്, കോട്ടപ്പുറം ചേരി |
| 2 | 260/124 | പുരയിടം | | | | ഗൗരിക്കുട്ടിയമ്മ പാറുക്കുട്ടിയമ്മ, ശങ്കരപിളള ദിനേശൻ ആശാൻ ശങ്കരവിലാസം ബംഗ്ലാവ് കോട്ടപ്പുറം ചേരി |

സ്പെഷ്യൽ തഹസീൽദാർ
എൽ.എ. നം.2, കൊല്ലം, കുണ്ടറ

FORM No.7

[ See rule 18(1)]

## FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB SECTION(1) OF SECTION II

## NOTIFICATION

No.C. 2388/12
Place: Kundara

Dated: 30.07.2019

WHEREAS, the Government of Kerala have as per order No. LA6- 57890/12 dated 17.10.2017 appointed the Special Tahsildar, LA No. 2, Kollam, Kundara to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector (LA), Kollam as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the development of Fish Market at Paravoor Municipality.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar, LA No. 2, Kollam, Kundara within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is available in the official website of the District Collector, Kollam

## SCHEDULE

District : Kollam
Taluk : Kollam

Village : Kottappuram
Block : 34

(The extent given is approximate)

| Serial No | Survey No | Description | Extent H.Are Sq.Meter | Nature of Public purpose | Reasons for displacement of affaected families | Name of owners/ interested person |
|---|---|---|---|---|---|---|
| 1 | 260/123. | Purayidam | 00.1133 | Development of Fish Market at Paravoor Municipality | Nil | 1) Gouri Amma Parukutty Amma, Sankaravilasom Bunglavil, Kottappuram Chery |
| 2 | 260/124 | Purayidam | | | | 2) Gouri Kutty Amma Parukutty Amma, Sankara Pillai Dinesan Asan Sankaravilasom Bunglavil, Kottappuram Chery |

Special Tahsildar
LA No. II, Kollam, Kundara